ഒ എസ് നിഷ സഹകരണ ഓംബുഡ്സ്മാൻ

തിരുവനന്തപുരം

സംസ്ഥാന സഹകരണ ഓംബുഡ്സ്മാൻ ആയി നെയ്യാറ്റിൻകര തിരുപുറം ശ്രീലക്ഷ്മിയിൽ ഒ എസ് നിഷയെ നിയമിച്ചു. 17 വർഷമായി നെയ്യാറ്റിൻകര, വഞ്ചിയൂർ കോടതികളിലെ അഭിഭാഷകയാണ്.

കേരള സർവകലാശാല കലോത്സവത്തിൽ നാടോടി നൃത്തത്തിനും ഭരതനാട്യത്തിനും രണ്ടാം സ്ഥാനം നേടിയ ആർ രാധുൽ കൃഷ്ണൻ (എംഎ സംസ്കൃതം സ്പെഷ്യൽ സാഹിത്യം, ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം). കൊല്ലം പെരുമ്പുഴ ഇളമ്പള്ളൂർ പ്രശാന്തി ഭവനിൽ രാധാകൃഷ്ണപിള്ളയുടെയും മഞ്ജുളയുടെയും മകനാണ്

കേരള സർവകലാശാല യുവജനോത്സവം കഥാരചന ഒന്നാം സ്ഥാനം നേടിയ എ വി നിരഞ്ജന (കാര്യവട്ടം ക്യാമ്പസ്).

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ (കെൽട്രോൺ) ഡയറക്ടർ ബോർഡ് അംഗമായി നിയമിതനായ കരുംകുളം എസ് അജിത്ത്. സിപിഐ എം കോവളം ഏരിയ കമ്മിറ്റി അംഗവും അലിയാർ ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറിയുമാണ്

ഉദ്ഘാടനം ഇന്ന്

വെഞ്ഞാറമൂട്

നീരുറവ് പദ്ധതിയുടെ ഡിപിആർ പ്രകാശനവും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും ബുധനാഴ്ച നടക്കും. പകൽ 10.30ന് മാണിക്കൽ പഞ്ചായത്തിലെ പിരപ്പൻകോട്ട് മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും.

മന്ത്രി ജി ആർ അനിൽ അധ്യക്ഷനാകും.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിത കേരള മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കുന്ന നീർത്തടാധിഷ്ഠിത വികസന പദ്ധതിയാണ് നീരുറവ്. ഡോ. ടി എൻ സീമ ഡിപിആർ പ്രകാശനം ചെയ്യും.

'പൂവച്ചൽ ഖാദറിന്റെ കവിതകൾ' പ്രകാശനം നാളെ

തിരുവനന്തപുരം

അന്തരിച്ച കവി പൂവച്ചൽ ഖാദറിന്റെ കവിതാസമാഹാരം 'പൂവച്ചൽ ഖാദറിന്റെ കവിതകൾ' വ്യാഴാഴ്ച പ്രകാശിപ്പിക്കും. പ്രസ് ക്ലബ്ബിൽ വൈകിട്ട് 5.30ന് കവി പ്രഭാവർമ പൂവച്ചൽ ഖാദറിന്റെ പത്നി അമീന ബീവിക്ക് നൽകി പുസ്തകം പ്രകാശിപ്പിക്കും. ശ്രീകുമാരൻ തമ്പി പുസ്തകം പരിചയപ്പെടുത്തും.

കവി ഗിരീഷ് പുലിയൂർ, പിന്നണിഗായിക സരിതാറാം, അനിഘ ബത്തൂൽ, എം എസ് സലീം തുടങ്ങിയവർ കവിതകൾ ആലപിക്കും.

തെരഞ്ഞെടുത്ത 193 കവിതകളാണ് സമാഹാരത്തിൽ. ഡി സി ബുക്സാണ് പ്രസാധകർ.

വട്ടിയൂർക്കാവിൽനിന്ന് മംഗൾപാടിയിലേക്ക്

കേരളത്തിന്റെ 'വൈബ്'കോസ്

വി എസ് വിഷ്ണു പ്രസാദ്

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ പരിപാടിയുടെ ഭാഗമായി ആരംഭിച്ച വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രണേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (വൈബ്കോസ്) പ്രവർത്തനം സംസ്ഥാന വ്യാപകമാകുന്നു. വികസനത്തിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് വി കെ പ്രശാന്ത് എംഎൽഎ ചീഫ് പ്രോമോട്ടറായി വട്ടിയൂർക്കാവ് മണ്ഡലത്തിൽ വൈബ്കോസ് രൂപീകരിച്ചത്.

തലസ്ഥാനത്തെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ മറ്റ് ജില്ലകളിൽനിന്ന് വൈബ്കോസിനെത്തേടി അവസരങ്ങളെത്തി. കാസർകോഡ് മംഗൽപാടി പഞ്ചായത്തിലെ മാലിന്യ സംസ്കരണ പദ്ധതി വൈബ്കോസിന് പങ്കാളിത്തമുള്ള കൺസോർഷ്യത്തിന് ലഭിച്ചു. പത്തനംതിട്ട നഗരസഭ, കൊച്ചി കോർപറേഷനിലെ ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റ് എന്നിവയ്ക്കും ഈ കൺസോർഷ്യം സാങ്കേതിക സഹായം നൽകുന്നുണ്ട്. വൈബ് ഗ്രീൻ ആൻഡ് ടൂറിസം, വൈബ് പ്രോഡക്ട്സ്, വൈബ് ഐടി, വൈബ് ഹെൽത്ത്, വൈബ് മീഡിയ എന്നിവയാണ് വൈബ്കോസിന്റെ വിവിധ വിഭാഗങ്ങൾ. അഞ്ച് നവസംരംഭക ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലൂടെ അൻപതിലേറെ യുവജനങ്ങൾക്ക് തൊഴിൽ നൽകി. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ സർട്ടിഫിക്കേഷനും ലഭിച്ചു. കേരള ടൂറിസത്തിന്റെ അഡ്വെഞ്ചർ ടൂറിസം ഓപ്പറേറ്ററായി അക്രെഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിലുള്ള ക്ലബ്ബാകാനും കഴിഞ്ഞു.

വൈബ് നല്ലമീൻ, വൈബ് ഫുഡ്സ്, വൈബ് ബൈറ്റ്സ്, കഫേ വൈബ്, വൈബ് ഐടി ഡിവിഷൻ, വൈബ് ഹെൽത്ത് ഡിവിഷൻ, വൈബ് മീഡിയ എന്നിവയും വൈബ്കോസിന്റെ പദ്ധതികളാണ്. വിവിധ ജില്ലകളിലെ ടൂറിസമടക്കം വിവിധ പദ്ധതി നേടിയെടുക്കാനുള്ള പരിശ്രമത്തിലാണെന്ന് വി കെ പ്രശാന്ത് എംഎൽഎ പറഞ്ഞു.

ബോട്ട് സർവീസ്

പരിശോധന നേരത്തേ തുടങ്ങി ഡിടിപിസി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ഒരുമാസം മുമ്പേ നെയ്യാർഡാമിലും കാപ്പിലും മൂന്നുബോട്ടുകൾവീതം സർവീസിനുകയറ്റി

ജില്ലയിലെ ബോട്ടുകളുടെ അറ്റകുറ്റപ്പണി ഒരുമാസംമുമ്പേ ആരംഭിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ. നെയ്യാർഡാം, കാപ്പിൽ എന്നിവിടങ്ങളിലാണ് 4 ബോട്ടുവീതം ഡിടിപിസിക്ക് സർവീസുള്ളത്. ഒരുമാസം മുമ്പേ രണ്ടിടത്തെയും മൂന്നുബോട്ട് വീതം അറ്റകുറ്റപ്പണിക്ക് കയറ്റി. ഓരോ സ്പീഡ് ബോട്ട് വീതമാണ് രണ്ടിടത്തും സർവീസ് നടത്തുന്നതെന്ന് ഡിടിപിസി അധികൃതർ പറഞ്ഞു. ആക്കുളത്ത് ബോട്ട് ക്ലബ് ഉണ്ടെങ്കിലും സർവീസ് നടത്തുന്നില്ല. കാപ്പുകാട് വനംവകുപ്പിന്റെ പെഡൽ ബോട്ട് സർവീസ് നെയ്യാറിൽ നടത്തുന്നുണ്ട്. ഇതിന്റെ സുരക്ഷ വനംവകുപ്പ് പരിശോധിക്കും.

കോവളം, പൂവാർ, കടയ്ക്കാവൂർ, വക്കം എന്നിവിടങ്ങളിൽ സ്വകാര്യ ബോട്ട് സർവീസുണ്ട്.

കോവളത്തെ ഹവ്വാ, ഗ്രോവ് ബീച്ചുകളിലായി മുപ്പതോളം ഉല്ലാസ, യാത്രാ ബോട്ടുകളുണ്ട്. പൂവാറിൽ നൂറിലേറെ ബോട്ടുകൾ ഉണ്ടെന്നാണ് കണക്ക്.

സർക്കാരിന്റെ രണ്ടാംവാർഷികം

ജില്ലാ വിളംബര ജാഥയ്ക്ക് തുടക്കമായി

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 20 മുതൽ 27 വരെ കനകക്കുന്നിൽ നടക്കുന്ന 'എന്റെ കേരളം മെഗാ പ്രദർശന വിപണന ഭക്ഷ്യമേളയുടെ' വിളംബര ജാഥയ്ക്ക് തുടക്കമായി. തിരുമല ജങ്ഷനിൽ കലക്ടർ ജെറോമിക് ജോർജ് ജാഥ ഫ്ളാഗ്ഓഫ് ചെയ്തു.

ജില്ലാ ഇൻഫർമേഷൻ ഓഫീസാണ് വിളംബരജാഥ സംഘടിപ്പിച്ചത്. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ജി ബിൻസിലാൽ പങ്കെടുത്തു. എന്റെ കേരളം പ്രദർശന വിപണന ഭക്ഷ്യമേളയുടെ സന്ദേശവും കഴിഞ്ഞ രണ്ടുവർഷം സംസ്ഥാന സർക്കാർ നടത്തിയ വികസനപ്രവർത്തനങ്ങളും ജില്ലയിലെ എല്ലാ പ്രദേശങ്ങളിലുമെത്തിക്കും. 14 നിയമസഭാ മണ്ഡലത്തിലെയും പ്രധാന കേന്ദ്രങ്ങളിൽ വിളംബരജാഥയെത്തും.

മന്ത്രി വി ശിവൻകുട്ടി നേമം മണ്ഡലത്തിൽ രണ്ട് വർഷമായി നടത്തിയ വികസനപ്രവർത്തനങ്ങളും നേട്ടങ്ങളും വിശദീകരിക്കുന്ന ഇരുപത് മിനിറ്റ് വീഡിയോ പ്രദർശനവും സംഗീതപരിപാടിയും അരങ്ങേറി.

ജൈവവള പരിശോധനാ ലാബ് ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം

വെള്ളായണി കാർഷിക കോളേജിന്റെ സോയിൽ സയൻസ് വിഭാഗത്തിൽ സ്ഥാപിച്ച ജൈവവള ഗുണനിലവാര പരിശോധനാ റഫറൽ ലബോറട്ടറി ബുധൻ പകൽ 11ന് മന്ത്രി പി പ്ര സാദ് ഉദ്ഘാടനം ചെയ്യും. തേൻ ഗുണനിലവാര പരിശോധനാ ലബോറട്ടറി, സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ലബോറട്ടറി എന്നിവയും ഉദ്ഘാടനംചെയ്യും.

ജൈവവളങ്ങളുടെ ഗുണനിലവാരം, മായം കലർത്തൽ, പോഷകമൂലകങ്ങൾ, മലിനീകരണത്തിന്റെ തോത് തുടങ്ങിയവ റഫറൽ ലബോറട്ടറിയിലൂടെ നിർണയിക്കാം. കർഷകർ, ഗവേഷകർ, വിദ്യാർഥികൾ തുടങ്ങിയവർക്ക് ലാബ് പ്രയോജനപ്പെടും.

വർക്കല താലൂക്കുതല അദാലത്ത്

തീർപ്പാക്കിയത് 650 പരാതി

വർക്കല താലൂക്ക് അദാലത്തിൽ കരംഒടുക്കിയ രേഖകൾ ആലുവിളപ്പുറം ലക്ഷം വീട് കോളനി നിവാസികൾക്കു മന്ത്രിമാരായ വി ശിവൻകുട്ടിയും ആന്റണി രാജുവും ചേർന്ന് കൈമാറുന്നു. വി ജോയി എംഎൽഎ സമീപം

വർക്കല

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് വർക്കല താലൂക്കിൽ സംഘടിപ്പിച്ച 'കരുതലും കൈത്താങ്ങും' അദാലത്തിൽ 650 അപേക്ഷ തീർപ്പാക്കി. 2052 അപേക്ഷ ലഭിച്ചു. 26 വിഷയങ്ങളാണ് അദാലത്തിന്റെ പരിഗണനാ വിഷയങ്ങൾ. ഇതിൽ ഉൾപ്പെടാത്ത 853 അപേക്ഷയും ലഭിച്ചു.

തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടായിരുന്നു കൂടുതൽ പരാതികളും. 877 അപേക്ഷകളിൽ 372 എണ്ണം തീർപ്പാക്കി. താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട 147 അപേക്ഷ തീർപ്പാക്കി. കാർഷികവകുപ്പുമായി ബന്ധപ്പെട്ട് 34 പരാതികളും തീർപ്പാക്കി. സിവിൽ സപ്ലൈസുമായി ബന്ധപ്പെട്ട് 27 അപേക്ഷകളും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് 15 അപേക്ഷയും പട്ടികജാതി വികസനവകുപ്പുമായി ബന്ധപ്പെട്ട 12 അപേക്ഷയും കെഎസ്ഇബിയുമായി ബന്ധപ്പെട്ട 13 അപേക്ഷയും പരിഹരിക്കാനായി.

എഡിഎമ്മുമായി ബന്ധപ്പെട്ട് 9 അപേക്ഷ തീർപ്പാക്കി. ജലസേചനവുമായി ബന്ധപ്പെട്ട് 7, വാട്ടർ അതോറിറ്റി–4, ആരോഗ്യവകുപ്പ്– 3, ചിറയിൻകീഴ് താലൂക്കുമായി ബന്ധപ്പെട്ട്– 2, വനംവകുപ്പ്– 2 എന്നിങ്ങനെയാണ് പരാതികൾ തീർപ്പാക്കിയത്. കാട്ടാക്കടയിൽ 11നും ചിറയിൻകീഴ് താലൂക്കിൽ16നുമാണ് അദാലത്ത്.

സർക്കാർ പാവപ്പെട്ടവരോടൊപ്പം

വർക്കല

സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന സന്തോഷത്തിലാണ് സർക്കാരെന്ന് മന്ത്രി വി ശിവൻകുട്ടി. വർക്കല താലൂക്കിൽ 'കരുതലും കൈത്താങ്ങും' അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പുതിയ അപേക്ഷകളിൽ 15 ദിവസത്തിനകം പരിഹാരം കാണും. പുതിയ പരാതികൾ സമർപ്പിക്കാൻ പ്രത്യേക കൗണ്ടർ ഒരുക്കിയിട്ടുണ്ട്. അദാലത്തിനെത്തിയ അവസാന ആളിന്റെയും പരാതി തീർപ്പാക്കും. ജനങ്ങൾക്ക് ആശ്വാസമാകുന്ന നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. കൂടുതൽ ഫയലുകൾ കെട്ടിക്കിടക്കുന്ന വകുപ്പുകളിൽ അവ തീർപ്പാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

വി ജോയി എംഎൽഎ അധ്യക്ഷനായി. മന്ത്രി ആന്റണി രാജു, ഒ എസ് അംബിക എംഎൽഎ, കലക്ടർ ജെറോമിക് ജോർജ്, എഡിഎം ജെ അനിൽ ജോസ്, സബ് കലക്ടർ അശ്വതി ശ്രീനിവാസ് തുടങ്ങിയവർ പങ്കെടുത്തു.

കായിക വികസന നിധി; അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം

കായിക വികസനനിധി ശീർഷകത്തിൽനിന്ന് കായിക താരങ്ങൾ/ക്ലബ് /സ്കൂൾ /സംഘടനകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകാൻ അപേക്ഷ ക്ഷണിച്ചു.

അവസാന തിയതി ജൂൺ ആറ്. വിവരങ്ങൾക്ക് : dsya.Kerala. gov.in

കെ ഫോൺ: അപ്ഡേഷൻ പൂർത്തിയാക്കണം

തിരുവനന്തപുരം

കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ ഫോൺ) പ്രോജക്ട് ദ്രുതഗതിയിൽ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാൻ സർക്കാർ സ്ഥാപനങ്ങൾ selfcare.kfon.co.in ൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണമെന്ന് കെ ഫോൺ എംഡി അറിയിച്ചു.

സിംഗിൾ പോയിന്റ് ഓഫ് കോണ്ടാക്ട്, ഇമെയിൽ ഐഡി, മൊബൈൽ നമ്പർ (വാട്സാപ്), ലാൻഡ്‌ലൈൻ നമ്പർ എന്നിവയാണ് അപ്ഡേറ്റ് ചെയ്യേണ്ടത്.

'സയൻഷ്യ' ഗവേഷണകേന്ദ്രം പ്രവർത്തനമാരംഭിച്ചു

ഐഎസ്ആർഒയിലെ ശാസ്ത്രജ്ഞരുടെ സേവനം ലഭ്യമാക്കും

കഴക്കൂട്ടം

ഐഎസ്ആർഒയിലെ ശാസ്ത്രജ്ഞരുടെ സേവനങ്ങൾ സയൻഷ്യ ഗവേഷണകേന്ദ്രത്തിന് ലഭ്യമാക്കുമെന്ന് ചെയർമാൻ എസ് സോമനാഥ്. ഭിന്നശേഷിക്കുട്ടികൾക്ക് ശാസ്ത്രപരീക്ഷണങ്ങൾ നടത്താൻ ഡിഫറന്റ് ആർട് സെന്ററിൽ (ഡിഎസി) ഒരുക്കിയ 'സയൻഷ്യ' ഗവേഷണകേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കുട്ടികൾ നിർമിച്ച റോബോട്ടിനെ ചലിപ്പിച്ചായിരുന്നു ഉദ്ഘാടനം.

സ്വിച്ചിൽ വിരലമർത്തിയതോടെ മുന്നോട്ടുനീങ്ങിയ റോബോട്ട് സഞ്ചാരപാതയിലെ സെൻസർ ഭിത്തിയിൽ സ്പർശിച്ചതോടെ സ്ക്രീനിൽ സയൻഷ്യയുടെ ലോഗോ തെളിഞ്ഞു.

കുട്ടികളുടെ കഴിവുകൾ തന്നെ ഞെട്ടിച്ചുവെന്നും നിരവധി പ്രതിഭകളെ വാർത്തെടുക്കാൻ ഈ സംരംഭത്തിനുകഴിയുമെന്നും സോമനാഥ് പറഞ്ഞു.എൽ എസ് പാർവതി, പി എൽ അപർണ, സായ മറിയം തോമസ് എന്നിവരെ അദ്ദേഹം മെമെന്റോ നൽകി ആദരിച്ചു. ഡി എസി എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട്, ഷൈലാ തോമസ്, ഫാ. വിൻസെന്റ് പെരേപ്പാടൻ, വി എം നിഷ എന്നിവരും പങ്കെടുത്തു. കലിഫോർണിയയിലെ വെസ്റ്റേൺ യൂണിവേഴ്സിറ്റിയാണ് ഗവേഷണകേന്ദ്രത്തിന് മേൽനോട്ടം വഹിക്കുന്നത്.

സിവിൽ സർവീസ് മലയാളം പരിശീലനം

തിരുവനന്തപുരം

പ്രൊഫ. എൻ കൃഷ്ണപിള്ള ഫൗണ്ടേഷനിൽ ജൂൺ 11ന് ആരംഭിക്കുന്ന സിവിൽ സർവീസ് (മലയാളം ഐച്ഛികം), സിവിൽ സർവീസ് ഫൗണ്ടേഷൻ പരിശീലനം, മലയാളം സർട്ടിഫിക്കറ്റ്, മലയാളം ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓരോ കോഴ്സിനും ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണു പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712330338; 97780 80181.

ഉഴമലയ്ക്കൽ സ്വദേശി ഏഷ്യൻ പവർ ലിഫ്റ്റിങ് ജേതാവ്

വൻകരയിലെ വമ്പൻ

ആര്യനാട്

ഐ സെബാസ്റ്റ്യൻ

ഏഷ്യയിലെ ബെസ്റ്റ് ലിഫ്റ്ററായി ഉഴമലയ്ക്കൽ സ്വദേശി 69 കാരൻ ഐ സെബാസ്റ്റ്യൻ. മെയ് ഒന്നുമുതൽ ആറുവരെ ആലപ്പുഴയിൽ സംഘടിപ്പിച്ച ഏഷ്യൻ പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ചാണ് കുളപ്പട സുരഭി ഹൗസിൽ ഐ സെബാസ്റ്റ്യൻ വിജയിയായത്. മാസ്റ്റേഴ്സ് വിഭാഗത്തിൽ ബോഡി വെയിറ്റ് 59 കാറ്റഗറിയിലായിരുന്നു മത്സരം. ദേശീയ റെക്കോർഡ് സഹിതം 4 സ്വർണ മെഡലുകൾ സ്വന്തമാക്കി. സ്കോട്ട്, ബെഞ്ച് പ്രസ്സ്, ബെഡ് ലിഫ്റ്റ് എന്നീ ഇനങ്ങളിലാണ് മെഡൽ. സ്കോട്ടിൽ 170 കിലോ, ബഞ്ച് പ്രസ്സിൽ 75 കിലോ, ബെഡ് ലിഫ്റ്റിൽ 185 കിലോ എന്നിങ്ങനെ ഉയർത്തി. ഓവറോൾ 430 കിലോ ഉയർത്തിയതോടെ ദേശീയ റെക്കോഡും സ്വർണ മെഡലും സ്വന്തമായി. 40 വർഷമായി വെയിറ്റ് ലിഫ്റ്റിങ് രംഗത്തുണ്ട്. 1998, 2004 വർഷങ്ങളിലും ഏഷ്യൻചാമ്പ്യൻഷിപ്പിൽ വിജയിയായിരുന്നു. 2004ൽ സ്ട്രോങ് മാൻ ഓഫ് ഏഷ്യ ടൈറ്റിലും നേടി. ആര്യനാട് ഗവ. ഹയർസെക്കൻഡറി സ്കൂളിലെ മുൻ കായികാധ്യാപകനാണ്. സിപിഐ എം വാലൂക്കോണം ബ്രാഞ്ച് അംഗമാണ്. ഭാര്യ: കെ പ്രസന്നകുമാരി. മക്കൾ: നവ്യ, അനന്യ.

പേരൂർക്കട കെഎസ്ആർടിസി ഡിപ്പോ സംരക്ഷിക്കണം

മനുഷ്യച്ചങ്ങല തീർത്ത് തൊഴിലാളികൾ

പേരൂർക്കട

കെഎസ്ആർടിഇഎ(സിഐടിയു) പേരൂർക്കട ഡിപ്പോക്കുമുന്നിൽ സംഘടിപ്പിച്ച സംരക്ഷണ മനുഷ്യച്ചങ്ങലക്കുശേഷം നടന്ന സംരക്ഷണസദസ്സ് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

കെഎസ്ആർടിസി പേരൂർക്കട ഡിപ്പോ അടച്ചു പൂട്ടരുതെന്നും സംരക്ഷിച്ച് നിലനിർത്തണമെന്ന് ആവശ്യപ്പെട്ടും കെഎസ്ആർടിഇഎ (സിഐടിയു) പേരൂർക്കട യൂണിറ്റിന്റെ നേതൃത്വത്തിൽ മനുഷ്യച്ചങ്ങലയും ഡിപ്പോ സംരക്ഷണ സദസ്സും സംഘടിപ്പിച്ചു. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. തൊഴിലാളികളെ മുഖവിലയ്ക്കെടുക്കാത്ത സമീപനമാണ് മാനേജ്മെന്റിന്റേത്. ഡിപ്പോ അടച്ചുപൂട്ടാനുള്ള നീക്കം തൊഴിലാളി വിരുദ്ധമാണ്. മാനേജ്മെൻറ് തൊഴിലാളികളെയും സർക്കാരിനെയും തെറ്റിദ്ധരിപ്പിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

സിഐടിയു ഏരിയാ സെക്രട്ടറി ചാന്നാൻവിള മോഹനൻ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, സിപിഐ എം ജില്ലാ കമ്മിറ്റി അംഗങ്ങളായ എം ജി മീനാംബിക, വി അമ്പിളി, ഏരിയാ സെക്രട്ടറി സി വേലായുധൻ നായർ, കെഎസ്ആർടിഇഎ സംസ്ഥാന ജനറൽ സെക്രട്ടറി എസ് വിനോദ്, വി ശാന്തകുമാർ, ഡി മോഹനൻ, പി എസ് ജയചന്ദ്രൻ, എ അജ്മൽ ഖാൻ, ബി ബിജു, വി രവീന്ദ്രൻ, ജയകുമാർ, നാലാഞ്ചിറ ഹരി, എസ് സന്തോഷ് കുമാർ, ജയകുമാർ, ബി ശ്രീജിത്ത്, വി എസ് ഹരിലാൽ തുടങ്ങിയവർ സംസാരിച്ചു.

മീൻപിടുത്ത സീസണിൽ പ്രതീക്ഷ അർപ്പിച്ച് വിഴിഞ്ഞം തീരം

കനവ് കടലോളം

കോവളം

വിഴിഞ്ഞത്ത് വല ഒരുക്കുന്ന മത്സ്യത്തൊഴിലാളികൾ

കാലവർഷത്തോടൊപ്പം എത്തുന്ന മീൻപിടുത്ത സീസൺ ഒരുങ്ങി വിഴിഞ്ഞം തീരം. സീസണിൽ കടലിൽനിന്ന് കൈനിറയെ മീൻവാരാമെന്ന പ്രതീക്ഷയിലാണ് തൊഴിലാളികൾ. ഇതിനായി മത്സ്യതൊഴിലാളികൾ തയ്യാറായിത്തുടങ്ങി. പലരും പുതിയ വലകൾ വാങ്ങി, വള്ളങ്ങളുടെ അറ്റകുറ്റപ്പണികളും തീർത്തു.

തമിഴ്നാടിൽ നിന്നടക്കം തൊഴിലാളികൾ വിഴിഞ്ഞത്ത് എത്തി തുടങ്ങി. സീസണിന്റെ ഭാഗമായി വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷനിൽ മുഴുവൻ സമയ കൺട്രോൾ റൂം തുറക്കുമെന്ന് അധികൃതർ പറഞ്ഞു. രക്ഷാപ്രവർത്തനത്തിന് രണ്ടു വലിയ ബോട്ടുകളെ കൂടാതെ ഒരു വള്ളം കൂടി തയ്യാറാക്കും. തീരത്തോടടുത്ത രക്ഷാപ്രവർത്തനത്തിന് വലിയ ബോട്ട് ഉപയോഗിക്കാനാകാത്തതിനാലാണ് വള്ളം എത്തിക്കുന്നത്. ഫിഷറീസ് വകുപ്പിന്റെ മറൈൻ ആംബുലൻസും സജ്ജമാണ്. 11 താൽക്കാലിക ലൈഫ് ഗാർഡുമാരെ നിയമിക്കും. ദിവസവേതന കരാറിൽ നിയമിക്കുന്ന ഇവർക്ക് ഒരുവർഷം വരെ ജോലിയിൽ തുടരാം. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് കളക്ടറുടെ നേതൃത്വത്തിൽ യോഗം വിളിക്കും. വേനൽ മഴകിട്ടിയതോടെ ഏതാനും ദിവസങ്ങളായി വിഴിഞ്ഞത്ത് മത്സ്യം ലഭിക്കുന്നുണ്ട്. ഇപ്പോൾ കൂടുതലും ലഭിക്കുന്നത് നെത്തോലിയും പൊള്ളൽ ചൂര എന്നറിയപ്പെടുന്ന ചെറുചൂരയുമാണ്. സീസൺ ആരംഭിക്കുന്നതോടെ അഞ്ചുതെങ്ങ്, പൂവാർ, പെരുമാതുറ, പൂന്തുറ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾ വിഴിഞ്ഞത്തേക്ക് എത്തും.

ഐഎഎൽ ദേശീയ സമ്മേളനം ജൂൺ1 മുതൽ

തിരുവനന്തപുരം

ഇന്ത്യൻ അസോസിയേഷൻ ഓഫ് ലോയേഴ്സ് (ഐഎഎൽ) ദേശീയ സമ്മേളനം ജൂൺ ഒന്ന് മുതൽ നാല് വരെ തിരുവനന്തപുരത്ത് നടക്കും. ഒന്നിന് വൈകിട്ട് അഞ്ചിന് ഗാന്ധിപാർക്കിൽ പൊതുസമ്മേളനം സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും. പ്രതിനിധി സമ്മേളനം രണ്ടിന് പകൽ 11ന് വഴുതക്കാട് മൗണ്ട് കാർമൽ കൺവൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംഘാടക സമിതി ഓഫീസ് ബുധനാഴ്ച വൈകിട്ട് നാലിന് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും.

ട്രെയിനിങ് പ്രോഗ്രാം

തിരുവനന്തപുരം

റീജണൽ ക്യാൻസർ സെന്ററിൽ റിസപ്ഷനിസ്റ്റ് അപ്രന്റീസ് ട്രെയിനിങ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി 20 വൈകിട്ട് നാല്. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും: www.rcctvm.gov.in.

District Tourism Promotion Council
Opp Raj Bhavan, Kowdiar.P.O, Thiruvananthapuram
DTPC REQUIRES TRAINEES

Applications are invited from qualified candidates for engaging as Trainees in DTPC Thiruvananthapuram for a period of one year.

1. Accounts Trainee:
Minimum Qualifications: B.Com + CWA Inter / B.Com + CA Articles Completed / Graduates with CA Inter & pursuing CA Final. Good working knowledge of Tally and MS Excel essential

2. Project Trainee:
Qualifications: MBA/MTM/MSW with travel background or willing to work in tourism sector. One year experience in travel / tourism sector preferred. Working knowledge of MS Office and presentation skills desirable

Age: Not more than 35 Years as on 1/05/2023. However, reasonable relaxation up to 40 will be considered by the Council on good candidates.

Stipend: .₹ 755 per day subject to a maximum of .₹ 20,385 per month.

3 Project Consultant:
To carry out the monitoring of the activities of the DTPC and to work as consultants, retired officials who have resigned from government institutions like P.W.D. and the services of experienced engineers who are under 60 years of age are invited.

Applications may be submitted strict through